92/DGE/HSE/NSS/2024

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
നാഷണൽ സർവ്വീസ് സ്കീം
(ഹയർ സെക്കന്ററി വിഭാഗം)
ജഗതി, ഉള്ളൂർ ലെയിൻ (Opp. New Building),
തിരുവനന്തപുരം.
04712323023
dhsensskerala@gmail.com
തീയതി : 20.09.2024

## സർക്കുലർ

**വിഷയം :** എൻ.എസ്.എസ്. ദിനാചരണം - 2024
**സൂചന :** (1) എൻ.എസ്.എസ്. ഹയർ സെക്കന്ററി ഉപദേശകസമിതി തീരുമാനങ്ങൾ (നം.13)
2) 5/9/2024 ലെ ഹയർ സെക്കന്ററി എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്ററുടെ 89/DGE/HSE/NSS/2024 നമ്പർ സർക്കുലർ

ദേശീയ തലത്തിൽ നാഷണൽ സർവ്വീസ് സ്കീം രൂപീകരിക്കപ്പെട്ട സെപ്റ്റംബർ 24 എല്ലാ യൂണിറ്റുകളും എൻ.എസ്.എസ്. ദിനമായി ആചരിക്കേണ്ടതാണ്. എൻ.എസ്.എസ്. ദിനാചരണവുമായി ബന്ധപ്പെട്ട് സെപ്റ്റംബർ 24 മുതൽ ഒക്ടോബർ 2 വരെ സംസ്ഥാനത്തൊട്ടാകെ 'സ്വച്ഛതാ ഹി സേവാ'പ്രവർത്തനങ്ങൾ വിപുലമായി സംഘടിപ്പിക്കേണ്ടതാണ്.

പൊതുഇടങ്ങൾ, ചരിത്രസ്മാരകങ്ങൾ, മാർക്കറ്റുകൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, ആശുപത്രികൾ, റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റാൻഡുകൾ തുടങ്ങിയവ പ്രോഗ്രാം ഓഫീസർമാരുടെയും റീജിയൻ, ജില്ലാ, ക്ലസ്റ്റർ കൺവീനർമാരുടെയും നേതൃത്വത്തിൽ ശുചിയാക്കേണ്ടതാണ്. ടി പ്രവർത്തനത്തിന്റെ ഭാഗമായി ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് പരമാവധി യൂണിറ്റു തലത്തിൽ ശേഖരിച്ച് സംസ്ക്കരിക്കാൻ പ്രാദേശിക ഭരണകൂടവുമായി ബന്ധപ്പെട്ട് ക്രമീകരണം ചെയ്യേണ്ടതാണ്. ഇത്തരത്തിൽ ശേഖരിക്കുന്ന പ്ലാസ്റ്റിക്കുകളുടെ അളവ് യൂണിറ്റുതലത്തിൽ രേഖപ്പെടുത്തി ജില്ലാതലത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

എൻ.എസ്.എസ്. ദിനമായ സെപ്റ്റംബർ 24 ന് എൻ.എസ്.എസ്. ദിനാചരണത്തിന്റെ ഭാഗമായി എല്ലാ യൂണിറ്റുകളും വോളന്റിയർമാരുടെ പഠനസമയത്തെ ബാധിക്കാത്ത രീതിയിൽ എല്ലാ വിദ്യാർത്ഥികളെയും പങ്കെടുപ്പിച്ച് മേൽ പ്രവർത്തനത്തിൽ പങ്കാളികളാകേണ്ടതാണ്.

### 'ജാഗ്രതാ ജ്യോതി' - ലഹരി വിരുദ്ധ ക്യാമ്പയിൻ
### 2024 ഒക്ടോബർ 2

'സ്വച്ഛതാ ഹി സേവാ' പ്രവർത്തനങ്ങളുടെ സമാപനം ഗാന്ധിജയന്തി ദിനത്തിൽ എല്ലാ യൂണിറ്റുകളിലും സമുചിതമായി സംഘടിപ്പിക്കേണ്ടതാണ്. അന്നേദിവസം എല്ലാ എൻ.എസ്.എസ്. യൂണിറ്റുകളിലും ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

ടി പ്രവർത്തനങ്ങളുടെ മുന്നൊരുക്കത്തിനായി യൂണിറ്റുമായി ബന്ധപ്പെട്ട് പ്രദേശത്തെ ജനപ്രതിനിധികൾ, ആരോഗ്യ പ്രവർത്തകർ, എക്സൈസ് പ്രവർത്തകർ, യൂണിറ്റ് ഉപദേശകസമിതിയംഗങ്ങൾ, പി.ടി.എ. എന്നിവർ ഉൾപ്പെടുന്ന സംഘാടകസമിതി രൂപീകരിക്കണം.

ലഹരി വിരുദ്ധ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനും പങ്കാളിത്തഗ്രാമത്തിൽ ലഹരി വിരുദ്ധ അവബോധ പ്രവർത്തനങ്ങൾക്കുമായി പൊതുജന പങ്കാളിത്തത്തോടെ റാലികൾ സംഘടിപ്പിക്കേണ്ടതാണ്.

ലഹരി ഉപയോഗം വ്യക്തികളെയും കുടുംബങ്ങളെയും സമൂഹത്തെയും എങ്ങനെ ബാധിക്കുന്നുവെന്ന് ചിത്രീകരിക്കുന്ന ചെറുനാടകങ്ങൾ/സംഗീത ശില്പങ്ങൾ എന്നിവ സംഘടിപ്പിക്കാവുന്നതാണ്.

ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതു മൂലമുണ്ടാകുന്ന വിപത്തിനെ സംബന്ധിച്ച് പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും വിദഗ്ദ്ധരെ പങ്കെടുപ്പിച്ച് ക്ലാസുകൾ സംഘടിപ്പിക്കേണ്ടതാണ്.

യൂണിറ്റുകൾ, ക്ലസ്റ്റർ, ജില്ലാ തലങ്ങളിൽ തിരഞ്ഞെടുത്ത കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ വോളന്റിയർമാർ 'ലഹരി വിരുദ്ധ ജാഗ്രതാ ജ്യോതി' തെളിയിക്കുകയും ലഹരി വിരുദ്ധ പ്രതിജ്ഞയെടുക്കേണ്ടതുമാണ്.

'സ്വഛതാ ഹി സേവാ' ലഹരിവിരുദ്ധ 'ജാഗ്രതാ ജ്യോതി' എന്നീ ക്യാമ്പയിനുകളുടെ വിശദമായ ഡോക്യുമെന്റേഷൻ എൻ.എസ്.എസ്. ജില്ലാതലത്തിൽ സൂചന(2) പ്രകാരം ഏർപ്പെടുത്തിയ റിപ്പോർട്ടിംഗ് സംവിധാനം വഴി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

മേൽ പ്രവർത്തനങ്ങൾ റീജിയണൽ തലം മുതൽ യോഗങ്ങൾ ചേർന്ന് വിശദമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

പ്രോഗ്രാം കോ-ഓർഡിനേറ്റർ